"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം-കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവർ ശ്രീ. മനോജ് എ- യ്ക്ക് ശൂന്യവേതനാവധി അനുവദിച്ചും നിയമനത്തിനായി കാത്തിരുന്ന കാലയളവ് ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.20/2026/LSGD തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-

1. സ.ഉ(പി)നം.110/13/ധന തീയതി 01.03.2013
2. ശ്രീ. മനോജ് എ -യുടെ 09.05.2024ലെ അവധി അപേക്ഷ.
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.02.2024, 23.01.2025 എന്നീ തീയതികളിലെ LSGD/PD/2604/2023-DEF5 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവർ ശ്രീ. മനോജ് എ, 18.02.2022 മുതൽ 15.12.2022 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലുള്ള ശൂന്യവേതനാവധിയ്ക്കായി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ അനുവദിക്കുന്നതിനും, ടി അവധിക്കാലയളവ് കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുന്നതിന് ടിയാൻ 16.12.2022-ൽ അപേക്ഷ നല്കിയെങ്കിലും, ഒഴിവിന്റെ അഭാവം മൂലം 04.02.2023 ലാണ് പ്രവേശിക്കാൻ സാധിച്ചത് എന്നതിനാൽ ടിയാൻ നിയമനത്തിനായി കാത്തിരുന്ന 16.12.2022 മുതൽ 03.02.2023 വരെയുള്ള കാലയളവ് ക്രമീകരിക്കുന്നതിനും ശിപാർശ ചെയ്ത് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവർ ശ്രീ. മനോജ് എ -ക്ക് 18.02.2022 മുതൽ 15.12.2022 വരെ കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ്, ആർജ്ജിതാവധിക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ ശൂന്യവേതനാവധി അനുവദിച്ചു കൊണ്ടും, ടിയാൻ നിയമനത്തിനായി കാത്തിരുന്ന 16.12.2022 മുതൽ 03.02.2023 വരെയുള്ള കാലയളവ് കെ എസ് ആർ ഭാഗം ഒന്ന് ചട്ടം 12(7) ന് താഴെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്,കോഴിക്കോട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

സെക്രട്ടറി, മരുതോങ്കര ഗ്രാമപഞ്ചായത്ത്, കോഴിക്കോട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീ. മനോജ് എ, സീനിയർ ഗ്രേഡ് ഡ്രൈവർ, മരുതോങ്കര ഗ്രാമപഞ്ചായത്ത്, കോഴിക്കോട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ധന വകുപ്പ് (08.10.2025ലെ ഡെവ-1/142/2025/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(158/ഇപിഎ2/2022/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 03-01-2026 11:19:01